# വിജയദശമിസന്ദേശം

**ജി. സുകുമാരൻനായർ**
**ജനറൽ സെക്രട്ടറി**

നായർ സർവീസ് സൊസൈറ്റിയുടെ ആവിർഭാവത്തിന് പ്രേരകശക്തിയായ വിജയദശമിസമ്മേളനത്തിന്റെ വാർഷികം ചങ്ങനാശ്ശേരി താലൂക്ക് എൻ.എസ്.എസ്. യൂണിയന്റെ ആഭിമുഖ്യത്തിലും നായർ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിലും കഴിഞ്ഞ 106 വർഷങ്ങളായി നടന്നുവരികയാണ്. 107-ാമത് വാർഷികം ഈ മാസം 26-ാം തീയതി പതിവുപോലെ എൻ.എസ്.എസ്. ആസ്ഥാനത്തുവച്ചുതന്നെ നടത്താൻ ഉദ്ദേശിച്ചിരുന്നതാണ്. എന്നാൽ കോവിഡ് 19 മഹാമാരിയുടെ വ്യാപനം വർദ്ധിച്ചുവരുന്ന ഇപ്പോഴത്തെ പ്രത്യേക സാഹചര്യംമൂലവും കോവിഡ് പ്രതിരോധനിയമം പാലിക്കേണ്ടതിനാലും ഈ വർഷത്തെ പ്രസ്തുത ആഘോഷവും സമ്മേളനവും ഒഴിവാക്കേണ്ടി വന്നിരിക്കുകയാണ്.

തിന്മയ്ക്കെതിരെ നന്മ വിജയംവരിച്ച സുദിനമാണ് വിജയദശമി. നായർസമുദായം അവഗണിക്കപ്പെട്ടപ്പോൾ അതിന്റെ മോചനത്തിനായുള്ള കാഹളം മുഴങ്ങിയത് ഒരു വിജയദശമിദിനത്തിലാണ്. 1913 ഒക്ടോബർ 6-ാം തീയതി നടന്ന ശ്രീമൂലംതിരുനാൾ ആഘോഷത്തിൽ വച്ചാണ് നായർസമുദായം അവഗണിക്കപ്പെട്ടത്. അപമാനം സഹിക്കവയ്യാതെ മന്നത്തുപത്മനാഭൻ ആ യോഗത്തിൽ നിന്നും ഇറങ്ങിപ്പോന്നു. അവിടെ കൂടിയിരുന്ന നായന്മാർ ഒന്നൊഴിയാതെ അദ്ദേഹത്തെ പിൻതുടർന്നു. അന്നു രാത്രിയിൽതന്നെ അവർ പെരുന്ന കരയോഗമന്ദിരത്തിൽ എത്തി യോഗം ചേരുകയും തൊട്ടടുത്ത വിജയദശമിദിനത്തിൽ പ്രത്യേകമായി തിരുനാളാഘോഷം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. ആ കൊല്ലത്തെ വിജയദശമിദിനത്തിൽ (9.10.1913) ശ്രീമൂലംതിരുനാൾ ആഘോഷം കരയോഗമന്ദിരത്തിൽവച്ച് ഐശ്വര്യപൂർണ്ണമായി നടത്തി.

പ്രസ്തുത യോഗത്തിൽവച്ചാണ് ചങ്ങനാശ്ശേരി താലൂക്ക് നായർസമാജം എന്ന സംഘടന രൂപംകൊണ്ടത്. അതിന്റെ വാർഷികമായിട്ടാണ് വിജയദശമിനായർമഹാസമ്മേളനം തുടർന്ന് എല്ലാവർഷവും വിജയദശമിനാളിൽ നാം കൊണ്ടാടിവരുന്നത്.

തുടർനടപടി എന്ന നിലയിലാണ് 1914 ഒക്ടോബർ 31-ന് മന്നത്തുപത്മനാഭനും സഹപ്രവർത്തകരായ 13 പേരും ചേർന്ന് നായർസമുദായഭൃത്യജനസംഘത്തിന് രൂപംനല്കിയത്. അങ്ങനെ രൂപീകരിച്ച നായർസമുദായ ഭൃത്യജനസംഘമാണ് 1915-ൽ നായർ സർവീസ് സൊസൈറ്റിയായി രൂപാന്തരം പ്രാപിച്ചതും.

സാമൂഹ്യ-സാംസ്കാരിക-വിദ്യാഭ്യാസരംഗങ്ങളിലെ നായർ സർവീസ് സൊസൈറ്റിയുടെ നിരന്തരമായ പ്രവർത്തനം ഒരു നൂറ്റാണ്ട് പിന്നിട്ടിരിക്കുകയാണ്. മതേതരത്വവും ജനാധിപത്യവും കാത്തുസൂക്ഷിച്ച്, സമുദായപുരോഗതിയിലൂടെ സമൂഹത്തിന്റെയും രാജ്യത്തിന്റെയും നന്മയ്ക്കായി പ്രവർത്തിക്കുക, സാമൂഹ്യനീതിക്കുവേണ്ടി നിലകൊള്ളുക എന്നീ അടിസ്ഥാനമൂല്യങ്ങളിൽനിന്നു വ്യതിചലിക്കാതെ ഈ രംഗത്തുള്ള എൻ.എസ്.എസ്സിന്റെ പ്രവർത്തനം 106 വർഷങ്ങൾ പിന്നിടുകയാണ്. അടിസ്ഥാനമൂല്യങ്ങളിൽ അടിയുറച്ചു നിന്നുകൊണ്ടുള്ള ഈ പ്രവർത്തനമാണ് സംഘടനയുടെ ശക്തി.

മത-സമുദായികസൗഹാർദ്ദം നിലനില്ക്കണമെന്നുള്ളതായിരുന്നു സമുദായാചാര്യന്റെ ലക്ഷ്യം. അതാണ് നാം ഇപ്പോഴും പിൻതുടരുന്നത്. ശ്രീ മന്നത്തുപത്മനാഭന്റെ ദർശനങ്ങളും ആദർശങ്ങളും ഉൾക്കൊണ്ട്, അടിസ്ഥാനമൂല്യങ്ങൾ കൈവിടാതെ, സംഘടനയെ കൂടുതൽ ശക്തിപ്പെടുത്തണമെന്ന സന്ദേശമാണ് ഈ വിജയദശമിയുടേതായി സമുദായാംഗങ്ങൾക്ക് നല്കാനുള്ളത്.